**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 575** **09-06-2021 - ൽ മറുപടിയ്ക്ക്**

**വന വിസ്തൃതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **Shri. A. K. Saseendran (വനം, വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ വനവിസ്തൃതി നിലവിൽ എത്ര ഹെക്ടറാണ്; കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ വനവിസ്തൃതിയിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായി; അറിയിക്കാമോ; | (എ) | സംസ്ഥാനത്തിന്റെ വനവിസ്തൃതി 2018-19 വർഷത്തെ വനം വകുപ്പ് ഭരണ റിപ്പോർട്ട് പ്രകാരം 11,520.058 ച.കി.മീറ്ററാണ്. പത്തുവർഷം മുമ്പുള്ള 2008-09 വർഷത്തെ ഭരണ റിപ്പോർട്ട് പ്രകാരം വനവിസ്തൃതി 11,309.4754 ച.കി.മീറ്റർ ആയിരുന്നു. അപ്രകാരം ടി പത്ത് വർഷക്കാലയളവിൽ വനവിസ്തൃതിയിൽ 1.86 % വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2019-20, 2020-21 ലെ ഭരണ റിപ്പോർട്ട് തയ്യാറാകുന്നതേയുള്ളൂ. |
| (ബി) | കേരളത്തിലെ വനങ്ങളുടെ കാർബൺ ശേഖരം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; അത് രാജ്യത്തിന്റെ മൊത്തം കാർബൺ ശേഖരണത്തിന്റെ എത്ര ശതമാനം വരും; വ്യക്തമാക്കുമോ? | (ബി) | കണക്കാക്കിയുണ്ട്. 2019 ലെ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ India State of Forest Report (ISFR) പ്രകാരം കേരളത്തിലെ വനങ്ങളുടെ കാർബൺ ശേഖരം 21,29,56,000 ടൺ ആണ്. ടി റിപ്പോർട്ട് പ്രകാരം ഇത് രാജ്യത്തിൻറെ മൊത്തം കാർബൺ ശേഖരണത്തിന്റെ 2.989 ശതമാനമാണ്. |

സെക്ഷൻ ഓഫീസർ